റാന്നി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

237(T 1306) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മിനിസിവിൽ സ്റ്റേഷന്റെ നിർമ്മാണം ഏതു ഘട്ടം വരെയായി; ഇതിന്റെനിർമ്മാണത്തിനായി എത്രകോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ബി) ഇതിൽ ഏന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാകാനുള്ളത്; പ്രവൃത്തികൾ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) ഏതൊക്കെ ഓഫീസുകളാണ് ഇവിടെ പ്രവർത്തിക്കുന്നത് ;

(ഡി) ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ച് സിവിൽ സ്റ്റേഷൻ എന്ന് ഉദ്ഘാടനം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽ സ്റ്റേഷന് 6,33,05,997 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കെട്ടിടത്തിന്റെ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് ഉദ്ഘാടനം നടത്താൻ സാധിക്കുന്നതാണ്.

ഗ്രാമീണ റോഡുകളുടെ നവീകരണം

238(1307) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഗ്രാമീണ റോഡുകൾ ഒറ്റത്തവണ നവീകരിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 2015-2016-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly